മൂവാറ്റുപുഴ നഗരസഭ

2023 -2024 വർഷത്തെ
പുതുക്കിയ ബഡ്ജറ്റും
2024-2025 ലേയ്ക്കുള്ള ബഡ്ജറ്റ് എസ്റ്റിമേറ്റും

മൂവാറ്റുപുഴ നഗരസഭ

വിസ്തീർണ്ണം - 13. 183 ച. കി. മീ.

ആകെ ജനസംഖ്യ - 30379 (2011 -ലെ സെൻസസ് പ്രകാരം)

കൗൺസിൽ അംഗങ്ങൾ

1. മീരാ കൃഷ്ണൻ
2. സുധ രഘുനാഥ്
3. അസംബീഗം
4. നെജില ഷാജി
5. പി. വി. രാധാകൃഷ്ണൻ
6. സലിം പി. എം.
7. ആശ അനിൽ
8. ഫൗസിയ അലി
9. പി. എം. അബ്ദുൾ സലാം - (ആരോഗ്യ കാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ)
10. നിസ അഷ്റഫ് - (പൊതുമരാമത്തു കാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർപേഴ്സൺ)
11. അബ്ദുൾ ഖാദർ അജിമോൻ (അജി മുണ്ടാട്ട്) (വികസനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ)
12. ലൈല ഹനീഫ
13. പ്രമീള ഗിരീഷ്കുമാർ - (ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർപേഴ്സൺ)
14. ജോയ്സ് മേരി ആന്റണി
15. ജോർജ്ജ് വർഗ്ഗീസ് (ജോളി മണ്ണൂർ)
16. ജാഫർ സാദിഖ് വി. എ.
17. ജോസ് കുര്യാക്കോസ് - (വിദ്യാഭ്യാസ കലാ കായികകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ)
18. സിനി ബിജു - (വൈസ് ചെയർപേഴ്സൺ)
19. സെബി കെ. സണ്ണി
20. ബിന്ദു ജയൻ
21. ജിനു ആന്റണി
22. രാജശ്രീ രാജു
23. ബിന്ദു സുരേഷ്കുമാർ
24. അമൽബാബു
25. പി പി എൽദോസ് - (ചെയർമാൻ)
26. അനിൽകുമാർ കെ. ജി.
27. ആർ. രാകേഷ്
28. കെ. കെ. സുബൈർ

മൂവാറ്റുപുഴ നഗരസഭ

പി. പി. എൽദോസ് (മുനിസിപ്പൽ ചെയർമാൻ)

സ്റ്റാൻഡിംഗ് കമ്മിറ്റി അംഗങ്ങൾ

1. **ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി**
   ശ്രീമതി. സിനി ബിജു (ചെയർപേഴ്സൺ)
   ശ്രീ. പി.വി. രാധാകൃഷ്ണൻ
   ശ്രീ. ആർ. രാകേഷ്
   ശ്രീമതി. ആശ അനിൽ
   ശ്രീമതി. സുധ രഘുനാഥ്
2. **വികസന കാര്യ സ്റ്റാൻഡിംഗ് കമ്മറ്റി**
   ശ്രീ. അബ്ദുൾ ഖാദർ അജിമോൻ (അജി മുണ്ടാട്ട്) (ചെയർമാൻ)
   ശ്രീ. ജാഫർ സാദ്ദിക്ക്
   ശ്രീ. കെ.കെ. സുബൈർ
   ശ്രീമതി. ബിന്ദു സുരേഷ്കുമാർ
   ശ്രീമതി. ജോയ്സ് മേരി ആന്റണി
3. **ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി**
   ശ്രീമതി പ്രമീള ഗിരീഷ്കുമാർ (ചെയർപേഴ്സൺ)
   ശ്രീമതി രാജശ്രീ രാജു
   ശ്രീമതി ബിന്ദു ജയൻ
   ശ്രീമതി നെജില ഷാജി
   ശ്രീമതി മീര കൃഷ്ണൻ
4. **ആരോഗ്യ കാര്യ സ്റ്റാൻഡിംഗ് കമ്മറ്റി**
   ശ്രീ. പി.എം. അബ്ദുൾ സലാം (ചെയർമാൻ)
   ശ്രീ. അമൽ ബാബു
   ശ്രീമതി. അസംബീഗം
   ശ്രീമതി. സെബി കെ. സണ്ണി
5. **മരാമത്തു കാര്യ സ്റ്റാൻഡിംഗ് കമ്മറ്റി**
   ശ്രീമതി. നിസ അഷറഫ് (ചെയർപേഴ്സൺ)
   ശ്രീ. ജിനു ആന്റണി
   ശ്രീ. പി.എം. സലീം
   ശ്രീമതി. ഫൗസിയ അലി
6. **വിദ്യാഭ്യാസം-കലാകായികം സ്റ്റാൻഡിംഗ് കമ്മറ്റി**
   ശ്രീ. ജോസ് കുര്യാക്കോസ് (ചെയർമാൻ)
   ശ്രീ. ജോർജ് വർഗീസ് (ജോളി മണ്ണൂർ)
   ശ്രീ. കെ. ജി. അനിൽകുമാർ
   ശ്രീമതി. ലൈല ഹനീഫ

മൂവാറ്റുപുഴ നഗരസഭ

ശ്രീ. എം. മുഹമ്മദ് ആരിഫ്ഖാൻ

മുനിസിപ്പൽ സെക്രട്ടറി

വകുപ്പ് മേധാവികൾ

ശ്രീ.ദിലീപ് വി.-	- അസി. എക്സിക്യൂട്ടീവ് എൻജിനീയർ
ശ്രീമതി. ഹരിപ്രിയ എസ്	- അസി.എൻജിനീയർ
ശ്രീ.നൗഷാദ് എ.	- ഹെൽത്ത് സൂപ്പർവൈസർ/ക്ലീൻസിറ്റി മാനേജർ
ശ്രീ.ജയകുമാർ കെ.യു.	- റവന്യു ഓഫീസർ
ശ്രീ. ദീപ് വി.	- ജനന മരണ രജിസ്ട്രാർ
ശ്രീ. ഷാജി എൻ.കെ	- ചീഫ് അക്കൗണ്ടന്റ്, ജനറൽ സൂപ്രണ്ട് ഇൻ ചാർജ്



സിനി ബിജു

വൈസ്ചെയർപേഴ്സൺ.

മൂവാറ്റുപുഴ നഗരസഭ – ബജറ്റ് എസ്റ്റിമേറ്റ് 2024-25

മൂവാറ്റുപുഴ നഗരസഭയുടെ 2024-25 സാമ്പത്തിക വർഷത്തിലേക്കുള്ള ബജറ്റ് എസ്റ്റിമേറ്റ് അവതരിപ്പിച്ചുകൊണ്ട് നഗരസഭ വൈസ് ചെയർപേഴ്സൺ കൂടിയായ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ നടത്തുന്ന പ്രസംഗം.

ബഹു. ചെയർമാൻ, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ, പൊതുമരാമത്ത്കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ, വിദ്യാഭ്യാസ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, പ്രിയപ്പെട്ട കൗൺസിൽ അംഗങ്ങൾ, മുനിസിപ്പൽ സെക്രട്ടറി, വകുപ്പ് തലവൻമാർ, ജീവനക്കാർ, മാധ്യമ പ്രവർത്തകരെ, സുഹൃത്തുക്കളെ,

മൂവാറ്റുപുഴ നഗരസഭയുടെ 2023-24 വർഷത്തെ പുതുക്കിയ ബജറ്റും, 2024-25 വർഷത്തേക്കുള്ള വിശദമായ ബജറ്റ് എസ്റ്റിമേറ്റും ചർച്ചയ്ക്കും അംഗീകാരത്തിനുമായി കൗൺസിൽ മുമ്പാകെ സമർപ്പിക്കുന്നു. ഈ കൗൺസിൽ അധികാരത്തിൽ വന്നശേഷമുള്ള 4-ാമത്തെ ബജറ്റാണിത്. പിന്നിട്ട 3 വർഷങ്ങളിൽ നഗര വാസികളുടെ ക്ഷേമവും നഗരത്തിന്റെ വികസനവും മുൻനിർത്തി നിരവധിയായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കാൻ കഴിഞ്ഞു എന്ന ചാരിതാർത്ഥ്യ ബോധത്തോടെയാണ് 4-ാം ബജറ്റ് അവതരിപ്പിക്കുന്നത്. മാലിന്യ നിർമ്മാർജ്ജനത്തിന് മുന്തിയ പരിഗണനയാണ് ഈ കൗൺസിൽ നൽകിയിട്ടുള്ളത്. തെരുവുകളിലും ജലസ്രോതസ്സുകളിലും മാലിന്യം വലിച്ചെറിയുന്നതിനെതിരെ സമഗ്ര ബോധവൽക്കരണവും കടുത്ത ശിക്ഷാ നടപടികളും സ്വീകരിച്ചുവരുന്നു. ’ ശുചിത്വ

നഗരം സുന്ദര നഗരം' എന്ന ലക്ഷ്യം മുൻനിർത്തിയുള്ള നിരവധിയായ പ്രവർത്തനങ്ങൾ സംഘടിപ്പിച്ച് ഈ രംഗത്ത് ഇനിയും നമുക്ക് മുന്നേറേണ്ടതുണ്ട്.

ക്ഷേമവികസന പ്രവർത്തനങ്ങൾക്കൊപ്പം സ്ത്രീ ശാക്തീകരണം, വയോജനക്ഷേമം, ഭിന്നശേഷിക്കാരുടെ സാമൂഹിക പുരോഗതിയും ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങൾ യുവജന ക്ഷേമം തുടങ്ങി എല്ലാ വിഭാഗം ജനങ്ങൾക്കും ഗുണകരമാകുന്ന, നഗരസഭയെ ഒന്നായി കണ്ടുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് കൗൺസിൽ നടപ്പിലാക്കിവരുന്നത്. ഹരിതകർമ്മ സേനാംഗങ്ങളുടെ അംഗബലം വർദ്ധിപ്പിച്ചും, അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തിയും, വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും മാലിന്യം തരംതിരിച്ച് ശേഖരിച്ചുമാണ് മാലിന്യമുക്ത തെരുവ് എന്ന ആശയം നടപ്പിലാക്കിവരുന്നത്. ഡംബിംഗ് യാർഡിൽ മാലിന്യ സംസ്ക്കരണ പ്ലാന്റുകൾ സ്ഥാപിക്കാനായതും കെ.എസ്.ഡബ്ല്യു.എം.പി.-യുടെ സാമ്പത്തിക സഹായത്തോടെ ബെയ്ലിംഗ് മെഷിൻ ഡിഡസ്റ്റർ, മാനുവൽ ബെയ്ലിംഗ് മെഷിൻ, സോർട്ടിംഗ് ടേബിൾ തുടങ്ങിയവ സ്ഥാപിക്കാനായത് നമുക്ക് വലിയ നേട്ടമാണ്.

ഡംബിംഗ് യാർഡിൽ വർഷങ്ങളായി കുമിഞ്ഞുകൂടിയിട്ടുള്ള മാലിന്യ കൂമ്പാരങ്ങൾ ബയോ മൈനിംഗ് നടത്തി ഭൂമിയെ പൂർവ്വസ്ഥിതിയിലാക്കാനുള്ള നടപടികളും ആരംഭിച്ചുകഴിഞ്ഞു. മാലിന്യ നിർമ്മാർജ്ജന പ്ലാന്റിന്റെ ഔപചാരിക ഉദ്ഘാടനം മാത്രമാണ് ഇനി ശേഷിക്കുന്നത്. ഈ പ്ലാന്റ് തുറന്നുനൽകുന്നതോടെ മാലിന്യം ശാസ്ത്രീയമായി സംസ്ക്കരിക്കുന്നതിന് നമുക്ക് കഴിയും. ഇതിനായി ആധുനിക സൗകര്യങ്ങളാണ് നഗരസഭ ഒരുക്കിയിരിക്കുന്നത്. പുഴ മലിനീകരണം തടയുന്നതിനും ഓടകളിലേക്ക് മാലിന്യ ഒഴുക്കുന്നതിനും എതിരായ കർശന നടപടികളാണ് നഗരസഭ സ്വീകരിച്ചുവരുന്നത്. മാലിന്യങ്ങൾ പൊതു നിരത്തിൽ നിക്ഷേപിച്ച വ്യക്തികൾക്കും സ്ഥാപനങ്ങൾക്കുമെതിരെ നടപടി സ്വീകരിക്കുകയും പിഴ ഈടാക്കുകയും ചെയ്തുവരുന്നു. വിവിധ സംഘട

നകളുടെ നേതൃത്വത്തിൽ നടത്തിവരുന്ന പൊതു ശുചീകരണവും ബോധവൽക്കരണവും തുടരും. മൂവാറ്റുപുഴയാറിനെ മാലിന്യ മുക്തമാക്കുന്നതിന് മുന്തിയ പരിഗണനയാണ് നൽകുന്നത്. ഇതിനായി 10 ലക്ഷം രൂപ നീക്കിവയ്ക്കുന്നു.

നഗര റോഡുകൾ സഞ്ചാരയോഗ്യമാക്കുന്നതിന് ഈ കൗൺസിലിന് കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ ബജറ്റിൽ നീക്കവച്ച മുഴുവൻ തുകയും നമുക്ക് ചെലവഴിക്കാനായി. നഗരസഭ രൂപീകൃതമായിട്ട് വർഷങ്ങൾ പിന്നിട്ടെങ്കിലും വിവിധ പ്രദേശങ്ങളിലെ മണ്ണുറോഡുകൾക്ക് ശാപമോക്ഷം നൽകാനായിട്ടില്ല. ഇതിന് പരിഹാരമായി നഗരസഭയിലെ എല്ലാ മണ്ണ് റോഡുകളും നവീകരിച്ച് ടാറിംഗ് നടത്തി സഞ്ചാരയോഗ്യമാക്കും. മൂവാറ്റുപുഴ പട്ടണത്തിലെ മുഴുവൻ വഴിവിളക്കുകളും തെളിയിക്കുന്നതിനും പുതിയത് സ്ഥാപിക്കുന്നതിനും നമുക്ക് കഴിഞ്ഞിട്ടുണ്ട്. പ്രധാന റോഡുകളിൽ പുതിയ എൽ.ഇ.ഡി. ലൈറ്റുകൾ സ്ഥാപിക്കും. ഇതിനാവശ്യമായ പ്രവർത്തനങ്ങൾ നടന്നുവരുന്നു. എം.പി. ഫണ്ട് ഉപയോഗിച്ച് നഗരസഭയിലെ 10 കേന്ദ്രങ്ങളിൽ പുതിയതായി മിനി മാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കും. മുൻവർഷങ്ങളിലേതുപോലെ കഴിഞ്ഞ വർഷവും ഭൂരഹിത ഭവന രഹിതർക്ക് ഭൂമി, വീട് എന്നിവ ലഭ്യമാക്കി ഈ സാമ്പത്തിക വർഷവും ഇതിനായുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കും.

നഗരത്തിലെ ബസ് കാത്തിരിപ്പ് കേന്ദ്രങ്ങൾക്ക് പുതിയ മുഖം നൽകി പുതിയ ബസ് കാത്തിരിപ്പ് കേന്ദ്രങ്ങൾ സ്ഥാപിക്കാൻ കഴിഞ്ഞു. ആവശ്യമായ സ്ഥലങ്ങളിൽ ഈ വർഷവും പുതിയ ബസ് കാത്തിരിപ്പ് കേന്ദ്രങ്ങൾ സ്ഥാപിക്കും. നഗരസഭയുടെ ഈസ്റ്റ് ബസ് സ്റ്റാന്റ് നവീകരണം സമയബന്ധിതമായി പൂർത്തീകരിക്കും.

ക്ഷേമപെൻഷനുകൾ സമയബന്ധിതമായി വിതരണം ചെയ്തും വയോധികർക്ക് വാർഡുകളിൽ തന്നെ വൈദ്യപരിശോധന നടത്തി മരുന്നുകൾ ലഭ്യമാക്കുന്നതിന് വയോമിത്രം പദ്ധതി വഴി നടപടി സ്വീകരിച്ചും ഇവർക്ക് ആവശ്യമായ

മരുന്ന് സൗജന്യമായി നഗരസഭ നൽകിവരുന്നു. വയോധികരുടെ മാനസികാ രോഗ്യത്തിനും ഉല്ലാസത്തിനും പ്രാധാന്യം നൽകി നഗരസഭ വയോജന സൗഹൃദ വിജ്ഞാന കേന്ദ്രം നിർമ്മിക്കും ഇതിനായി എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 1 കോടി രൂപയുടെ ഭരണാനുമതി നൽകിയി ട്ടുണ്ട്.

ജില്ലയിലെ കിഴക്കൻ മേഖലയിലെ പാവപ്പെട്ടവർക്ക് ആശ്രയമായ മൂവാറ്റു പുഴ ജനറൽ ആശുപത്രിയുടെ പ്രവർത്തനങ്ങൾക്ക് മുന്തിയ പരിഗണനയാണ് നഗരസഭ കൗൺസിൽ നൽകിവരുന്നത്. ജനറൽ ആശുപത്രിയിൽ 67 ലക്ഷം രൂപ ചെലവിൽ പുതിയ ട്രാൻസ്ഫോർമർ സ്ഥാപിച്ച് ' ലക്ഷ്യ ' ഓപ്പറേഷൻ തീയേറ്ററും ലേബർ റൂമും സജ്ജമാക്കാൻ നഗരസഭ നടപടി സ്വീകരിച്ചിട്ടുണ്ട്. കഴിഞ്ഞ ബജറ്റിൽ പരാമർശിച്ച ആരോഗ്യ ഉപകേന്ദ്രങ്ങൾ യാഥാർത്ഥ്യമാക്കി. കുര്യൻമലയിലും രണ്ടാർകരയിലും കേന്ദ്ര സർക്കാർ സഹകരണത്തോടെ ഹെൽത്ത് & വെൽനസ്സ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. നിർധനരായ നിര വധി രോഗികളാണ് ഇവിടങ്ങളിൽ ചികിത്സതേടി എത്തുന്നത്. രണ്ട് കേന്ദ്രങ്ങ ളിലും ഡോക്ടർ അടക്കമുള്ള ജീവനക്കാരേയും മരുന്ന് അടക്കമുള്ള എല്ലാ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. കിഴക്കേക്കര വെൽനസ്സ് സെന്റർ അർബൻ പോളീ ക്ലീനിക്ക് ആയി ഉയർത്തും.

കാർഷിക മേഖലയ്ക്ക് പുത്തൻ ഉണർവ്വ് നൽകാനായി തരിശ് രഹിത നഗരം പദ്ധതിയുടെ ഭാഗമായി വർഷങ്ങളായി തരിശ്ശായി കിടന്ന പാടശേഖരങ്ങ ളിൽ വീണ്ടും നെൽകൃഷി ആരംഭിച്ചു. നഗരസൗന്ദര്യ വൽക്കരണത്തിന്റെ ഭാഗ മായി ' സ്നേഹാരാമം ' പദ്ധതി നടപ്പാക്കി. നഗരത്തിലെ വിവിധ സ്ക്കൂളുക ളിലെ കുട്ടികളുടെ സഹകരണത്തോടെ മുളകളും ചെടികളും വച്ചുപിടിപ്പിച്ചു. പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമത്തിനായി പദ്ധതികൾ ആവിഷ്ക്കരിച്ചു. പാർപ്പിടം, കുട്ടികൾക്ക് ലാപ്ടോപ്പ്, പഠനോപകരണങ്ങൾ, ഫർണിച്ചർ എന്നിവ വിതരണം ചെയ്തു. വികലാംഗർക്ക് മുച്ചക്ര വാഹനം, കുടുംബിനികൾക്ക് ആട്,

കിടാരി എന്നിവ വിതരണം ചെയ്തു. ഭിന്നശേഷി കുട്ടികളുടെ കലോത്സവം, വനിതാശാക്തീകരണ സമ്മേളനം എന്നിവ സംഘടിപ്പിക്കാനും നമുക്കായി. ഈ വർഷവും ഇത് തുടരും. സമയപരിധിയുള്ളതിനാൽ കൂടുതൽ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല.

2023-24 സാമ്പത്തിക വർഷം നീക്കിയിരിപ്പ് 86,68,400/- തുകയും തൻവർഷ വരവ് 48,26,98,130/- രൂപയും ഉൾപ്പെടെ 49,13,66,530/- രൂപ വരവും 48,26,01,930/- രൂപ ചെലവും 87,64,600/- രൂപ നീക്കിയിരിപ്പും പ്രതീക്ഷിക്കുന്ന എസ്റ്റിമേറ്റിനാണ് രൂപം നൽകിയിട്ടുള്ളത്. തനതു ഫണ്ടുകളിൽ നിന്നുള്ള വരവ് കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്ന് ലഭിക്കുന്ന വിവിധ ഇനം ഗ്രാന്റ്, പദ്ധതി വിഹിതം, നികുതി പിരിവ് ഊർജ്ജിതമാക്കുന്നത് വഴിയുള്ള അധികവരുമാനം എന്നിവയാണ് വരുമാന സ്രോതസ്സുകളായി ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഇതിനുപുറമേ മൂവാറ്റുപുഴയാറിൽ നിന്നും മണൽ വാരുന്നതിന് അനുവാദം ലഭിച്ചാൽ അതുവഴി നഗരസഭയുടെ വരുമാനം വർദ്ധിപ്പിക്കാനാകും. പുതിയ നികുതി നിർദ്ദേശങ്ങളോ വർദ്ധനവോ കൗൺസിൽ ഉദ്ദേശിക്കുന്നില്ല. നികുതി പിരിവ് അടക്കമുള്ളവ ഊർജ്ജിതമാക്കി നഗരസഭയുടെ തനതുവരുമാനം വർദ്ധിപ്പിക്കും. നഗരസഭയുടെ ആഭിമുഖ്യത്തിൽ വിപുലമായ ഓണാഘോഷവും ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റേയും സംസ്ഥാന വിനോദ സഞ്ചാര വകുപ്പിന്റേയും സഹകരണത്തോടെ ഇക്കുറി മൂവാറ്റുപുഴയിൽ ജലമേള ഒരുക്കും. ജലമേളയോട് അനുബന്ധിച്ച് വള്ളംകളിയും ബോട്ടിംഗ് സൗകര്യങ്ങളും സംഘടിപ്പിക്കും.

പശ്ചാത്തല മേഖലയ്ക്ക് 8,98,09,000/- രൂപയും സേവന മേഖലയ്ക്ക് 11,57,80,760/- രൂപയും ഉൽപ്പാദന മേഖലയ്ക്ക് 1,85,27,000/- രൂപയും ബജറ്റിൽ വകക്കൊള്ളിച്ചിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം നഗരസഭയുടെ ഡ്രീംലാന്റ് പാർക്കിൽ നിന്ന് തൊടുപുഴയാറിന് കുറുകെ പേട്ട ഭാഗത്ത് തൂക്കുപാലം നിർമ്മിക്കും. ഇതോടനുബന്ധിച്ച് പേട്ട മുതൽ കച്ചേരിത്താഴം വരെ പുഴയോര നടപ്പാത നിർമ്മിക്കും. ഇതിനായി നാലര കോടി രൂപ വകയിരുത്തുന്നു.

നിലവിലുള്ള പുഴയോര പാതയുടെ നവീകരണത്തിനായി 5 ലക്ഷം രൂപയും നീക്കിവയ്ക്കും.

പാർപ്പിട രഹിത നഗരം എന്ന ലക്ഷ്യം മുൻനിർത്തി ഭവന നിർമ്മാണത്തിന് ഭൂരഹിതർക്ക് ഭൂമിയും വീടും നൽകുന്നതിനായി 50 ലക്ഷം രൂപ ബജറ്റിൽ വക യിരുത്തുന്നു. അടിച്ചമർത്തപ്പെട്ട അധസ്ഥിത വിഭാഗത്തിന്റെ മുന്നണി പോരാ ളിയും സാമൂഹ്യ പരിഷ്ക്കർത്താവുമായ മഹാത്മ അയ്യങ്കാളിക്ക് സമുചിത സ്മാരകം ഒരുക്കാൻ കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപനം നടത്തിയിരുന്നു. മഹാത്മ അയ്യങ്കാളിയുടെ ജന്മദിനത്തിന് മുമ്പായി പി.ഒ. ജംഗ്ഷനിൽ അയ്യങ്കാളി പ്രതിമ നഗരസഭ യാഥാർത്ഥ്യമാക്കും.

ഐ.റ്റി. രംഗം ലോകമെമ്പാടും കുതിച്ചുയരുന്ന കാലഘട്ടമാണിത്. അഭ്യസ്തവിദ്യരായ നിരവധി യുവതീയുവാക്കൾ ഈ രംഗത്ത് സേവനമനുഷ്ഠി ച്ചുവരുന്നു. വീട്ടമ്മമാർ ഉൾപ്പെടെ ഇന്ന് ഐ.റ്റി. മേഖലയിൽ സജീവമാണ്. പ്രധാന നഗരകേന്ദ്രങ്ങളിലുള്ള ഐ.റ്റി. ഹബുകളിൽ എത്തി ജോലി ചെയ്യുന്ന തിന് ഇവർ പല വിധത്തിലുള്ള ബുദ്ധിമുട്ടുകളും പ്രയാസങ്ങളും നേരിടുന്നുണ്ട്. വീട്ടിൽ ഇരുന്ന് ജോലി ചെയ്യാമെന്ന് വച്ചാൽ ഇന്റർ നെറ്റിന്റെ വേഗത കുറവും അടിസ്ഥാന സൗകര്യവും പലർക്കും തടസ്സമാകുന്നുമുണ്ട്. ഈ സാഹചര്യ ത്തിൽ വർക്ക് അറ്റ് നിയർ ഹോം എന്ന പദ്ധതിക്ക് മൂവാറ്റുപുഴ നഗരസഭ തുടക്കം കുറിക്കുന്നു. കിഫ്ബിയുടെ സഹകരണത്തോടെ കേരള നോളജ് ഇക്കോണമി മിഷനുമായി ചേർന്നാണ് പദ്ധതി നടപ്പിലാക്കുക. മൂവാറ്റുപുഴ നഗ രസഭയുടെ ലൈബ്രറി മന്ദിരത്തിൽ ഇതിനായി 3000 ച. അടിയിലധികം വിസ്തീർണ്ണം വരുന്ന ഭാഗം നീക്കിവയ്ക്കും. കമ്പ്യൂട്ടറുകൾ, വേഗത കൂടിയ ഇന്റർനെറ്റ് സൗകര്യം അടക്കം എല്ലാ അടിസ്ഥാ സൗകര്യങ്ങളും നഗരസഭ ഒരു ക്കും. വർക്ക് അറ്റ് നിയർ ഹോം എന്ന പദ്ധതി യാഥാർത്ഥ്യമാകുന്നതോടെ നഗ രവാസികളായ ഐ.റ്റി. പ്രൊഫഷണലുകൾക്ക് ഇവിടെ ഇരുന്ന് ജോലി ചെയ്യാൻ കഴിയും. ഈ വർഷം നഗരസഭയുടെ നേതൃത്വത്തിൽ തൊഴിൽ അന്വേഷക

രേയും തൊഴിൽ സംരംഭകരേയും പങ്കെടുപ്പിച്ച് വിപുലമായ തൊഴിൽ മേള സംഘടിപ്പിക്കും. യുവതീ യുവാക്കളുടെ ഉന്നമനം ലഭ്യമാക്കിയും നഗരസഭ യുടെ വികസന കാര്യങ്ങളിൽ ഇവരുടെ നൂതന ആശയങ്ങൾ പ്രയോജനപ്പെടു ത്തുന്നതിനും ഫ്യൂച്ചർ മൂവാറ്റുപുഴ ക്യാമ്പയിൻ സംഘടിപ്പിക്കും.

ഗുരുതരമായ മാലിന്യ പ്രശ്നം നേരിടുന്ന മണ്ണാൻകടവ് തോടിന്റെ ശുചീക രണത്തിനും നവീകരണത്തിനുമായി 10 ലക്ഷം രൂപ വകയിരുത്തുന്നു. കാലാകാ ലങ്ങളായി വേനൽ ആരംഭിക്കുന്നതോടെ നഗരത്തിലെ ഉയർന്ന പ്രദേശങ്ങളിൽ അനുഭവിക്കുന്ന ശുദ്ധജലക്ഷാമത്തിന് പരിഹാരം തേടുന്നതിനായി നഗരത്തിൽ പുതിയതായി 2 കുടിവെള്ള പദ്ധതികൾക്ക് രൂപം നൽകും. ഇതിനായി 3-ാം വാർഡിലെ മോളേക്കുടി കുടിവെള്ള പദ്ധതിക്ക് 40 ലക്ഷം രൂപയും 28-ാം വാർഡിലെ എ.കെ.ജി. നഗർ കുടിവെള്ള പദ്ധതിക്ക് 27 ലക്ഷം രൂപയും നിലവി ലുള്ള ഓലിപ്പാറ കുടിവെള്ള പദ്ധതിക്ക് 10 ലക്ഷം രൂപയും നീക്കിവയ്ക്കുന്നു. ഈ കൗൺസിലിന്റെ കാലത്ത് നിർമ്മാണം ആരംഭിച്ച് പണി പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ച 11-ാം വാർഡിലെ കിഴക്കേക്കര കുടിവെള്ള പദ്ധതിയുടെ പ്രവർത്തനത്തിനായി 7 ലക്ഷം രൂപ വകയിരുത്തുന്നു. ഇതോടൊപ്പം വേനൽക്കാലത്ത് ടാങ്കറുകളിൽ നഗര അതിർത്തിയിൽ ശുദ്ധജലം വിതരണം ചെയ്യുന്നതിന് 10 ലക്ഷം രൂപ വകയിരുത്തുന്നു.

മുനിസിപ്പൽ ഡ്രീംലാന്റ് പാർക്ക് 50 ലക്ഷം രൂപ ചെലവിൽ നവീകരിക്കും. യുവജനതയുടെ കായികാരോഗ്യം സംരക്ഷിക്കുന്നതിനും കൂടുതൽ മത്സരങ്ങ ളിൽ പങ്കെടുക്കുന്നതിനും പുതിയ കായിക സംസ്ക്കാരം വളർത്തിയെടുക്കുന്ന തിനുമായി നഗരസഭ കായിക ടീമുകൾക്ക് രൂപം നൽകും. കുര്യൻമലയിൽ കേരള സർക്കാർ, നഗരസഭ, എം.പി., എം,എൽ.എ. ഫണ്ടുകൾ ഉപയോഗിച്ച് ഈ വർഷം മിനി സ്റ്റേഡിയം നിർമ്മാണം യാഥാർത്ഥ്യമാക്കും (75 ലക്ഷം). മുഴുവൻ സ്ക്കൂളുകളിലും വിദ്യാർത്ഥികളുടെ ആരോഗ്യ പരിരക്ഷയ്ക്കായി ജിംനേഷ്യം തുറക്കും. ഈ പദ്ധതിയിലേക്ക് ആവശ്യമായ തുക ബജറ്റിൽ വകയിരുത്തും.

കഴിഞ്ഞ ബജറ്റിൽ പ്രതിപാദിച്ച ഭിന്നശേഷിക്കുട്ടികൾക്കായുള്ള ബഡ്സ് സ്ക്കൂൾ നിർമ്മാണം ഈ വർഷം പൂർത്തീകരിച്ച് ബഡ്സ് സ്ക്കൂൾ ആരംഭിക്കും. മൂവാറ്റുപുഴ ചിൽഡ്രൻസ് പാർക്കിൽ ഹാപ്പിനെസ്സ് പാർക്ക് ഒരുക്കുന്നതിനായി 10 ലക്ഷം രൂപ നീക്കി വയ്ക്കും. കാവുംകരയിൽ വനിതകൾക്കായി ഓപ്പൺ ജിംനേഷ്യം ആരംഭിക്കും. ഇതിനായി 8,46,000/- രൂപ നീക്കിവയ്ക്കും. 14-ാം വാർഡിലെ ഓപ്പൺ ജിംനേഷ്യം ഈ വർഷം പൂർത്തീകരിക്കും. മണ്ണ് വഴികൾ ടാർ ചെയ്ത് സഞ്ചാരയോഗ്യമാക്കുന്നതിന് 51 ലക്ഷം രൂപയും 28 വാർഡുകളിലേയും റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി 1,86,74,000/- നീക്കിവയ്ക്കും. കാലാവസ്ഥ വ്യതിയാനവും ആഗോളതാപനവും ലോകത്തിന് തന്നെ ഭീഷണിയാകുന്ന ഈ കാലഘട്ടത്തിൽ സ്വാഭാവിക പരിസ്ഥിതി നിലനിർത്തേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. പ്രകൃതിദത്ത ജലാശയങ്ങൾ അന്യം നിന്ന് പോകുന്നത് ഒഴിവാക്കേണ്ടിയിരിക്കുന്നു. ഈ സാഹചര്യത്തിൽ നഗരത്തിലെ 3 പുരാതന കുളങ്ങൾ നവീകരിക്കും. ഇതിനായി 23-ാം വാർഡിലെ ആമ്പറ്റക്കുളം നവീകരണത്തിനായി 32 ലക്ഷം രൂപയും 20-ാം വാർഡിലെ പഞ്ചായത്തുകുളം നവീകരണത്തിന് 27 ലക്ഷം രൂപയും 21-ാം വാർഡിലെ ആനിക്കകുളം നവീകരണത്തിന് 32 ലക്ഷം രൂപയും വകയിരുത്തുന്നു. ഇട്ടുണ്ണാൻ പാടശേഖരത്തിലേക്ക് കർഷകർക്ക് സുഗമമായി സഞ്ചരിക്കുന്നതിന് ഈ കൗൺസിൽ 2 റാമ്പുകൾ നിർമ്മിച്ചെങ്കിലും ഒരു റാമ്പും നടപ്പാതയും കൂടി നിർമ്മിച്ചാലേ കർഷകർക്ക് ഇത് പ്രയോജനകരമാകു. ഇട്ടുണ്ണാൻ പാടശേഖരത്തിന് പുതിയ റാമ്പും നടപ്പാതയും സംരക്ഷണ ഭിത്തിയും നിർമ്മിക്കുന്നതിനായി 7 ലക്ഷം രൂപയും തരിശ് നിലങ്ങളിൽ കൃഷിയിറക്കുന്നതിനും കാർഷിക ഉൽപ്പനങ്ങളുടെ വിതരണത്തിനുമായി ഒരു ലക്ഷം രൂപയും നീക്കിവയ്ക്കുന്നു.

കറവപ്പശുക്കൾക്ക് കാലിത്തീറ്റ നൽകുന്നതിന് 5 ലക്ഷവും തെരുവ് നായ്ക്കളുടെ വന്ധ്യകരണത്തിനായി എ.ബി.സി. പദ്ധതി നടപ്പിലാക്കാൻ 2.25 ലക്ഷവും നഗരസഭ ഓഫീസിൽ കമ്പ്യൂട്ടർ വാങ്ങാൻ 10 ലക്ഷം രൂപയും സമഗ്ര പുരയിട കൃഷി വികസനം ലക്ഷ്യമിട്ട് ജൈവവളം വിതരണം ചെയ്യുന്നതിന് 8

ലക്ഷവും നെൽകൃഷി വികസനത്തിന് 2 ലക്ഷവും കുറ്റിക്കുരുമുളക് തൈവിതരണത്തിനായി 3 ലക്ഷവും വകയിരുത്തുന്നു. ആയൂർവേദ ആശുപത്രി സ്റ്റോർ റൂം റാക്കിന് 2 ലക്ഷവും, മരുന്ന് വാങ്ങൽ 10 ലക്ഷവും, ഹോമിയോ ആശുപത്രിക്ക് മരുന്ന്, ലാബ്, പഞ്ചിംഗ് മെഷിൻ, സോളാർ എന്നിവയ്ക്കായി 28 ലക്ഷം രൂപയും ജനറൽ ആശുപത്രിയിൽ സൈക്യാട്രിക്ക് മരുന്ന്, മെഡിക്കൽ ഓക്സിജൻ വിതരണം, ബെഡ് - പില്ലോ കവർ, ജീവിത ശൈലി രോഗങ്ങൾക്ക് മരുന്ന് വാങ്ങൽ, ഡയാലിസിസ് രോഗികൾക്കുള്ള ധനസഹായം, ഡയാലിസിസ് യുണിറ്റ് പ്രവർത്തനം, പാലിയേറ്റീവ് പരിചരണ പദ്ധതി, കാൻസർ രോഗികൾക്ക് മരുന്ന്, കാൻസർ വിമുക്ത പദ്ധതി, ആശുപത്രിയിൽ കമ്പ്യൂട്ടർ, വാട്ടർ പ്യൂരിഫയർ എന്നിവയ്ക്കായി 1,35,00,000/- രൂപയും സർക്കാർ സ്ക്കൂളുകളിലെ ഹൈസ്ക്കൂൾ വിഭാഗത്തിൽ നാപ്കിൻ മെഷീൻ സ്ഥാപിക്കുന്നതിന് 4 ലക്ഷം രൂപയും, വനിതകളുടെ ശുചിമുറിക്ക് 10 ലക്ഷം രൂപയും, മുനിസിപ്പൽ പാർക്കിൽ വനിതകൾക്ക് ഫീഡിംഗ് റൂമിന് ഒന്നര ലക്ഷം രൂപയും ബജറ്റിൽ നീക്കിവച്ചിട്ടുണ്ട്.

അംഗൻവാടി പോഷകാഹാരത്തിന് 21 ലക്ഷം രൂപയും, ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് - ബത്ത, 18 ലക്ഷം രൂപയും, ഭിന്നശേഷി കലോത്സവത്തിന് 75,000/- രൂപയും, ബഡ്സ് സ്ക്കൂൾ ഉപകരണം വാങ്ങാൻ 10 ലക്ഷം, ഗവ. സ്ക്കൂൾ ഉപകരണം വാങ്ങൽ, പെയിന്റിംഗ് 30 ലക്ഷം, ശിവൻകുന്ന് സ്ക്കൂൾ പ്രോജക്റ്റർ ഒന്നര ലക്ഷം, ശിവൻ കുന്ന് സ്ക്കൂൾ കവാട നിർമ്മാണം 2 ലക്ഷം രൂപയും, ടൗൺ യു.പി. സ്ക്കൂൾ ചുറ്റുമതിൽ 10 ലക്ഷം, വാഴപ്പിള്ളി ജെ.ബി. സ്ക്കൂളിൽ ഓടകൾക്ക് കവറിംഗ് സ്ലാബ് 5 ലക്ഷം രൂപയും, നോർത്ത് മാറാടി യു.പി. സ്ക്കൂൾ അടുക്കള നവീകരണം 10 ലക്ഷം, ഗവ. റ്റി.റ്റി.ഐ. അറ്റകുറ്റപ്പണി 9 ലക്ഷം, കിഴക്കേക്കര ഈസ്റ്റ് എച്ച്.എസ്. കെട്ടിടത്തിന്റെ അറ്റകുറ്റപ്പണി 2.4 ലക്ഷം, ഗവ. മോഡൽ എച്ച്.എസ്.എസ് ടോയ്ലറ്റ് നിർമ്മാണം 10 ലക്ഷം രൂപയും ബജറ്റിൽ നീക്കിവച്ചിട്ടുണ്ട്.

നഗര അതിർത്തിയിൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ ഒരു ടെക്നിക്കൽ സ്ക്കൂൾ ഈ വർഷം യാഥാർത്ഥ്യമാകും. പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്, സ്കോളർഷിപ്പ് 9 ലക്ഷവും പട്ടികജാതി വിഭാഗത്തിന് വീട് മെയിന്റനൻസ് 15 ലക്ഷം രൂപയും ഭവനപദ്ധതിയ്ക്ക് 22.84 ലക്ഷവും പശ്ചാത്തല വികസനത്തിന് 20 ലക്ഷം രൂപയും പട്ടികവർഗ്ഗവിഭാഗത്തിന്റെ ക്ഷേമത്തിനായി 7 ലക്ഷം രൂപയും വകയിരുത്തുന്നു. ഓടകളുടെ ശുചീകരണം, ഉറവിടമാലിന്യ സംസ്കരണം, ശുചീകരണ ഉപകരണങ്ങൾ, സ്നേഹാരാമം, ഹരിതകർമ്മസേന, മലിന്യമുക്ത ക്യാമ്പയിൻ എന്നിവയ്ക്കായി 35 ലക്ഷം രൂപയും ആസ്പിരേഷണൽ ടോയ്ലറ്റ് നിർമ്മാണത്തിന് 1.27 ലക്ഷവും മാലിന്യസംസ്കരണത്തിന് 6 ലക്ഷവും അഗതി ആശ്രയ പദ്ധതിയ്ക്ക് 5 ലക്ഷവും വയോമിത്രം പദ്ധതിയ്ക്ക് 15 ലക്ഷവും വഴി വിളക്കുകളുടെ പരിപാലനത്തിന് 24 ലക്ഷവും അഞ്ചാം വാർഡിൽ അംഗൻവാടി നിർമ്മാണത്തിന് 10 ലക്ഷം രൂപയും പൊതു ശ്മശാനത്തിന്റെ അറ്റകുറ്റപ്പണികൾക്ക് 18 ലക്ഷം രൂപയും മൂവാറ്റുപുഴയിലെ പൈതൃക പാലം സംരക്ഷണത്തിനായി 3 ലക്ഷം രൂപയും വകയിരുത്തുന്നു.

പി.പി. എസ്തോസ് സ്മാരക മുനിസിപ്പൽ സ്റ്റേഡിയത്തോട് അനുബന്ധിച്ച് ഇൻഡോർ സ്റ്റേഡിയം, നഗര റോഡ് വികസനം, മുറിക്കൽ ബൈപാസ്സ്, KSRTC ബസ് സ്റ്റാന്റ് നവീകരണം തുടങ്ങിയവ വേഗത്തിൽ പൂർത്തിയാക്കാൻ ഇടപെടൽ നടത്തും. തനത് ഫണ്ട്, പ്ലാൻ ഫണ്ട്, ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ, സർക്കാരിൽ നിന്ന് ലഭിക്കുന്ന ഗ്രാന്റ് എന്നിവ ഉപയോഗിച്ചും സ്പോണ സർഷിപ്പ് മുഖേനയും മേൽ പ്രതിപാദിച്ചിട്ടുള്ള വികസന ക്ഷേമ പ്രവർത്തനങ്ങൾ നടപ്പാക്കാനാണ് ലക്ഷ്യമിടുന്നത്. ഇതിനായി എല്ലാ കൗൺസിൽ അംഗങ്ങളുടേയും സഹകരണം പ്രതീക്ഷിക്കുന്നു. ഈ ബജറ്റ് തയ്യാറാക്കുന്നതിന് വേണ്ടി സഹായിച്ച ബഹു. ചെയർമാൻ, മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റി അദ്ധ്യക്ഷൻമാർ, കൗൺസിൽ അംഗങ്ങൾ, സെക്രട്ടറി, വകുപ്പ് തലവൻമാർ, ജീവനക്കാർ എന്നിവരോടുള്ള നന്ദി അറിയിക്കുന്നു.

22,04,600/- രൂപ മുന്നിരിപ്പും 44,08,13,329/- രൂപ വരവും ഉൾപ്പെടെ 44,30,17,929/- രൂപ വരവും 43,43,49,529/- രൂപ ചെലവും 86,68,400/- രൂപ നീക്കിയിരിപ്പും ഉള്ള 2023-24 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റും 86,68,400/- രൂപ മുന്നിരിപ്പും 48,26,98,130/- രൂപ വരവും ഉൾപ്പെടെ 49,13,66,530/- രൂപ വരവും 48,26,01,930/- രൂപ ചിലവും 87,64,600/- രൂപ നീക്കിയിരുപ്പും പ്രതീക്ഷിക്കുന്ന 2024-25 സാമ്പത്തിക വർഷത്തിലേക്കുള്ള ബഡ്ജറ്റ് എസ്റ്റിമേറ്റും ചർച്ചകൾക്കും നിർദ്ദേശങ്ങൾക്കും അംഗീകാരത്തിനുമായി കൗൺസിൽ മുമ്പാകെ സമർപ്പിക്കുന്നു.

മൂവാറ്റുപുഴ,
തീയതി. .07.02.2024.

എന്ന്,
സിനി ബിജു,
വൈസ്ചെയർപേഴ്സൺ.

ബഡ്ജറ്റ് ഒറ്റനോട്ടത്തിൽ

2023-24 ലെ പുതുക്കിയ ബഡ്ജറ്റ്

വർഷാരംഭത്തിലെ മുന്നിരിപ്പ്	2204600
വരവ്	440813329
ആകെ വരവ്	443017929
ചെലവ്	434349529
നീക്കിബാക്കി	8668400

2024-25 ലെ ബഡ്ജറ്റ് എസ്റ്റിമേറ്റ്

വർഷാരംഭത്തിലെ മുന്നിരിപ്പ്	8668400
വരവ്	482698130
ആകെ വരവ്	491366530
ചെലവ്	482601930
നീക്കിബാക്കി	8764600

മൂവാറ്റുപുഴ നഗരസഭ

2024-2025 സാമ്പത്തികവർഷത്തെ ബജറ്റ്

MUVATTUPUZHA Municipality

Budget for the Financial Year 2024-2025

MUVATTUPUZHA Municipality Budget for the Financial Year 2024-2025

BUDGET STATEMENT

	PARTICULARS	Actuals for the year 2022-2023(കണക്ക് 2022-2023)	Budget for the year (including all revisions) 2023-2024(പരിഷ്കരിച്ച ബജറ്റ് 2023-2024)	Budget for the Year2024-2025 (ബജറ്റ്-2024-2025)
A	Opening balance (net) (ws-1)	2,09,87,132	22,04,600	86,68,400
B	a) Tax revenue-നികുതി വരുമാനം (BS-1)	6,59,95,823	8,70,26,130	9,55,80,000
C	b) Non tax revenue-നികുതിയിതര വരുമാനം (BS-2)	3,22,69,038	4,11,23,030	6,49,50,500
D	Total Own Fund-ആകെ തനത് ഫണ്ട് (B+C)	9,82,64,861	12,81,49,160	16,05,30,500
E	c) General Purpose Fund-ജനറൽ പർപ്പസ് ഫണ്ട് (BS-3)	1,73,93,302	1,84,08,000	1,93,28,400
F	Total -ആകെ (D+E)	11,56,58,163	14,65,57,160	17,98,58,900
G	d) Other Grants(Plan)-മറ്റ് റവന്യു ഗ്രാന്റുകൾ-പദ്ധതി ചെലവുകൾക്ക് (BS-4)	10,57,01,899	19,93,97,157	20,04,69,230
H	e) Other Grants(Non-Plan)-മറ്റ് റവന്യു ഗ്രാന്റുകൾ-പദ്ധതി ഇതര ചെലവുകൾക്ക് (BS-5)	4,13,60,200	4,00,22,900	4,51,70,000
I	Toal Revenue Income -ആകെ റവന്യു വരവുകൾ (F+G+H)	26,27,20,262	38,59,77,217	42,54,98,130
J	Capital Income - Loans -മൂലധന വരവ്-വായ്പ വാങ്ങൽ (BS-6)	0	0	0

	PARTICULARS	Actuals for the year 2022-2023(കണക്ക് 2022-2023)	Budget for the year (including all revisions) 2023-2024	Budget for the Year2024-2025 (ബജറ്റ്-2024-2025)
K	Capital Income other than loans -വായ്പ ഒഴികെ മൂലധന വരവുകൾ (BS-7)	5,83,201	5,48,36,112	5,72,00,000
L	Total Capital Income-ആകെ മൂലധന വരവുകൾ (J+K)	5,83,201	5,48,36,112	5,72,00,000
M	Total Income -ആകെ വരവുകൾ (I+L)	26,33,03,463	44,08,13,329	48,26,98,130
N	Total Income+Net opening balance-ആകെ വരവുകളും പ്രാരംഭ ബാക്കിയും (M+A)	28,42,90,595	44,30,17,929	49,13,66,530
O	Revenue Expenditure-Statutory functions-റവന്യു ചെലവുകൾ-അനിവാര്യ ചുമതലകൾക്ക് (BS-8)	13,40,00,172	13,78,50,459	16,68,05,170
P	Revenue Expenditure-Plan-റവന്യു ഗ്രാന്റിൽ നിന്നുള്ള പദ്ധതി ചെലവുകൾ (BS-9)	9,95,79,064	18,62,20,904	20,81,16,760
Q	Revenue Expenditure-Non-Plan-റവന്യു ഗ്രാന്റിൽ നിന്നുള്ള പദ്ധതിയേതര ചെലവുകൾ (BS-10)	4,13,60,200	4,00,22,900	4,51,70,000
R	Total Revenue Expenditure -ആകെ റവന്യു ചെലവുകൾ (O+P+Q)	27,49,39,436	36,40,94,263	42,00,91,930
S	Capital Expenditure -Loan repayments-മൂലധന ചെലവുകൾ-വായ്പ തിരിച്ചടവ് (BS-11)	0	0	0
T	Capital expenditure other than loan repayments -മറ്റ് മൂലധന ചെലവുകൾ (BS-12)	71,46,559	7,02,55,266	6,25,10,000
U	Total Capital Expenditure -ആകെ മൂലധന ചെലവുകൾ ചെലവുകൾ (S+T)	71,46,559	7,02,55,266	6,25,10,000
V	Total Expenditure -ആകെ ചെലവുകൾ (R+U)	28,20,85,995	43,43,49,529	48,26,01,930
W	Closing Balance-നീക്കി ബാക്കി (N-V)	22,04,600	86,68,400	87,64,600

MUVATTUPUZHA Municipality Budget for the Financial Year 2024-2025				
BS-1-REVENUE INCOME-TAXES- (നികുതി വരവുകൾ)				
DETAILED HEAD CODE	PARTICULARS (ഇനവിവരം)	Actuals for the year 2022-2023(കണക്ക് 2022-2023)	Budget for the year (including all revisions) 2023-2024(പരിഷ്കരിച്ച ബജറ്റ് 2023-2024)	Budget for the Year2024-2025 (ബജറ്റ്-2024-2025)
1100101	Property Tax-വസ്തു നികുതി	3,78,22,894	5,67,98,630	6,25,00,000
1100102	Service Cess u/s 26 - സേവനങ്ങൾക്കുള്ള സെസ്സ് (വകുപ്പ് 26)	45,82,657	56,79,800	62,50,000
1101001	Profession Tax – Institutions / Professionals/Traders - തൊഴിൽ നികുതി (സ്ഥാപനങ്ങൾ / പ്രൊഫഷണലുകൾ / വ്യാപാരികൾ)	35,20,000	36,00,000	37,00,000
1101002	Profession Tax - Employees - തൊഴിൽനികുതി (ജീവനക്കാർ)	1,65,11,600	1,71,52,700	1,85,00,000
1101601	Entertainment Tax-വിനോദനികുതി	35,25,492	36,75,000	45,00,000
1108001	Tax on Timber - മരത്തടി നികുതി	33,180	1,20,000	1,30,000
110	Total-Tax Revenue-ആകെ നികുതി വരവ്	6,59,95,823	8,70,26,130	9,55,80,000

BS-2- -REVENUE INCOME-NON-TAX- (നികുതിയിതര വരവുകൾ)				
DETAILED HEAD CODE	PARTICULARS (ഇനവിവരം)	Actuals for the year 2022-2023(കണക്ക് 2022-2023)	Budget for the year (including all revisions) 2023-	Budget for the Year2024-2025 (ബജറ്റ്-2024-2025)
130 - Rental Income from Municipal Properties - നഗരസഭാ വസ്തുവകകളിൽനിന്നുള്ള ആകെ വാടകവരവുകൾ				
1301002	Rent from Town Hall - ടൗൺ ഹാൾ വാടക	6,92,000	6,77,600	7,46,000
1301003	Rent from stadium - സ്റ്റേഡിയം വാടക	4,60,000	3,00,000	4,50,000
1301008	Rent from shopping complex - ഷോപ്പിംഗ് കോംപ്ലക്സ്	1,31,39,492	1,49,78,490	3,20,00,000
1301010	Rent from agricultural trees - കാർഷിക വൃക്ഷങ്ങളിൽ നിന്നുള്ള വാടക	5,100	6,000	10,000
1302001	Rent from staff quarters - സ്റ്റാഫ് ക്വാർട്ടേഴ്സ് വാടക	79,790	60,000	80,000
1304001	Rent from Lease of Lands - ഭൂമി പാട്ടത്തിനു നൽകിയതിൽനിന്നുള്ള വരവ്	6,65,582	7,45,000	8,20,000
130	Total Rental Income from Municipal Properties - നഗരസഭാ വസ്തുവകകളിൽനിന്നുള്ള ആകെ വാടകവരവുകൾ	1,50,41,964	1,67,67,090	3,41,06,000
BS-2 PARTICULARS		Actuals for the year 2022-2023(കണക്ക് 2022-2023)	Budget for the year (including all revisions) 2023-2024	Budget for the Year2024-2025 (ബജറ്റ്-2024-2025)
140 - Fees & User Charges - ഫീസുകളും യൂസർ ചാർജുകളും				

1401001	Private Hospital & Paramedical Institutions Registration Fee - സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ ഫീ	23,890	25,000	30,000
1401002	Tutorial College Registration Fee - ട്യൂട്ടോറിയൽ കോളജ് രജിസ്ട്രേഷൻ ഫീ	4,000	5,000	6,000
1401003	Contractor Registration Fee - കരാറുകാരുടെ രജിസ്ട്രേഷൻ ഫീ	0	0	0
1401099	Other Empanelment & Registration Charges - മറ്റ് എംപാനൽമെന്റ് & രജിസ്ട്രേഷൻ ചാർജ്ജുകൾ	5,110	6,000	8,000
1401101	License Fees for Dangerous & Offensive Trades - വ്യാപാര സ്ഥാപനങ്ങളുടെ ലൈസൻസ് ഫീസ്	38,70,810	44,00,000	51,00,000
1401103	License Fees under P.P.R ACT - പി.പി.ആർ നിയമപ്രകാരമുള്ള ലൈസൻസ് ഫീസ്	27,300	25,000	30,000
1401104	License Fees under Cinema Regulation Act - സിനിമാ റെഗുലേഷൻ നിയമപ്രകാരമുള്ള ലൈസൻസ് ഫീസ്	8,000	10,000	15,000
1401201	Fees for Construction of Buildings - കെട്ടിട നിർമ്മാണ ഫീസ്	5,10,856	66,00,000	75,00,000
1401202	Fees for Installation of Machinery - യന്ത്ര സാമഗ്രികൾ സ്ഥാപിക്കുന്നതിനുള്ള ഫീസ്	3,578	1,000	2,000
1401203	Fees for Construction of Factory - ഫാക്ടറി നിർമ്മാണത്തിനുള്ള ഫീസ്	2,600	4,000	6,000
1401299	Other Fees for Grant of Permit - പെർമിറ്റ് അനുവദിക്കുന്നതിനുള്ള മറ്റ് ഫീസുകൾ	78,862	2,50,000	3,50,000
1401301	Fees for Birth & Death Certificate - ജനന - മരണ സർട്ടിഫിക്കേറ്റ് ഫീസ്	51,245	50,000	65,000

1401302	Fees for Delayed Registration - Birth & Death Certificate - ജനന മരണങ്ങൾ വൈകി രജിസ്റ്റർ ചെയ്യുന്നതിനുള്ള ഫീസ്	1,325	1,000	2,000
1401303	Fees for Marriage Certificate - വിവാഹ സർട്ടിഫിക്കറ്റ് ഫീസ്	17,580	15,000	27,000
1401304	Fees for Ownership Certificate - ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റിനുള്ള ഫീസ്	40	500	1,000
1401399	Fees for Other Certificates or Extracts - മറ്റ് സർട്ടിഫിക്കറ്റുകൾ/ പകർപ്പുകൾ എന്നിവയ്ക്കുള്ള ഫീസ്	4,623	5,000	6,000
1401501	Regularization Fees - ക്രമവത്ക്കരണത്തിനുള്ള ഫീസ്	1,14,510	1,40,000	1,50,000
1402001	Penalties - പെനാൽറ്റികൾ/പിഴകൾ	12,000	20,000	30,000
1402002	Penal Interest - പിഴപ്പലിശ	11,66,461	18,00,000	25,00,000
1402003	Fines (ഫൈനുകൾ)	6,03,580	10,00,000	12,00,000
1402005	Fine imposed by Municipal and other laws - മുനിസിപ്പൽ/ മറ്റ് നിയമങ്ങൾ - പ്രകാരം ചുമത്തുന്ന ഫൈൻ	731	2,000	3,000
1402006	Penalty charge for destruction of road - റോഡ് നശിപ്പിക്കുന്നതിനുള്ള പെനാൽറ്റി ചാർജ്ജ്	53,000	20,000	50,000
1404004	Ownership Change Fees - ഉടമസ്ഥാവകാശം മാറ്റുന്നതിനുള്ള ഫീസ്	7,010	5,000	15,000
1404005	License Change Fees - ലൈസൻസ് മാറ്റുന്നതിനുള്ള ഫീസ്	500	5,000	10,000

1404008	Delayed Registration Fees - വൈകി രജിസ്ട്രേഷൻ നടത്തുന്നതിനുള്ള ഫീസ്	7,360	5,000	7,500
1404009	Search Fees - തെരച്ചിൽ ഫീസ്	35,214	30,000	45,000
1404099	Other Fees - മറ്റ് ഫീസുകൾ	3,67,178	6,00,000	8,00,000
1405004	Electricity Charges - വൈദ്യുതി ചാർജ്ജുകൾ	71,000	75,000	1,00,000
1405009	Public Sanitation Charges - പൊതു ശുചിത്വസംവിധാനങ്ങൾക്കുള്ള / കംഫർട്ട് സ്റ്റേഷൻ ചാർജ്ജുകൾ	78,200	1,05,000	1,50,000
1405010	Market Fees - മാർക്കറ്റ് ഫീസ്	2,87,882	2,68,690	2,90,000
1405011	Bus Stand Fees - ബസ് സ്റ്റാന്റ് ഫീസ്	8,49,470	6,78,000	7,50,000
1405013	Lorry, Taxi, Auto and Other Vehicle Stand Fees - ലോറി, ടാക്സി, ഓട്ടോറിക്ഷ മറ്റു വാഹനങ്ങൾ എന്നിവയുടെ സ്റ്റാന്റ് ഫീസ്	2,77,200	5,01,250	5,52,000
1405016	Receipts from Libraries - ലൈബ്രറി വരവുകൾ	44,873	38,000	50,000
1405020	Crematorium fees - ശ്മശാനം ഫീസ്	17,89,000	16,00,000	18,00,000
1405099	Other User Charges - മറ്റ് യൂസർ ചാർജ്ജുകൾ	2,67,185	3,50,000	5,00,000
1406001	Entry Fees - പ്രവേശനഫീസ്	9,82,195	18,00,000	25,00,000

1407001	Road Cutting Charges - റോഡ് കട്ടിംഗ് ചാർജ്ജുകൾ	0	28,00,000	50,00,000
1407002	Centage Charges on Deposit Works - ഡെപ്പോസിറ്റ് പ്രവൃത്തികൾക്കുള്ള സെന്റേജ് ചാർജ്	680	2,500	5,000
1408001	Other Charges - മറ്റ് ചാർജ്ജുകൾ	38,59,354	0	0
1401106	LICENCE FEE FOR DOMESTIC ANIMALS	23,900	25,000	28,000
140	Total Fees & User Charges - ഫീസുകളും യൂസർ ചാർജുകളും	1,55,08,302	2,32,67,940	2,96,83,500
BS-2 PARTICULARS		Actuals for the year 2022-2023(കണക്ക് 2022-2023)	Budget for the year (including all revisions) 2023-2024	Budget for the Year2024-2025 (ബജറ്റ്-2024-2025)

150 - Sale & Hire Charges - വിൽപ്പന - വാടക ചാർജുകൾ

1501101	Sale of Forms(others) - മറ്റ് ഫാറങ്ങളുടെ വിൽപ്പന വരവ്	6,46,278	4,50,000	5,00,000
1501202	Sale of Scrap - പാഴ് വസ്തുകളുടെ വിൽപ്പന വരവ്	2,96,783	50,000	75,000
1501203	Receipts from auction of obsolete assets - ആസ്തികളുടെ ലേലം - വരവ്	18,000	50,000	1,20,000
150	Total-Sale & Hire Charges - വിൽപ്പന - വാടക ചാർജുകൾ (ആകെ)	9,61,061	5,50,000	6,95,000
BS-2 PARTICULARS		Actuals for the year 2022-2023(കണക്ക് 2022-2023)	Budget for the year (including all revisions) 2023-2024	Budget for the Year2024-2025 (ബജറ്റ്-2024-2025)

151 - Receipts from Transferred Institutions

151	Total Receipts from Transferred Institutions - കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിൽനിന്നുള്ള വരവുകൾ (ആകെ)	0	0	0
BS-2 PARTICULARS		Actuals for the year 2022-2023(കണക്ക് 2022-2023)	Budget for the year (including all revisions) 2023-2024	Budget for the Year2024-2025 (ബജറ്റ്-2024-2025)

170 - Income from Investments - നിക്ഷേപങ്ങളിൽനിന്നുള്ള വരവുകൾ

1701001	Interest on Fixed Deposits - സ്ഥിരനിക്ഷേപങ്ങളിൽനിന്നുള്ള പലിശവരവുകൾ	3,76,001	2,50,000	1,25,000
1701099	Other Interest - മറ്റു പലിശകൾ	1,716	3,000	5,000
1702001	Dividend - ഡിവിഡന്റുകൾ	0	5,000	5,000
170	Total Income from Investments - നിക്ഷേപങ്ങളിൽനിന്നുള്ള വരവുകൾ (ആകെ)	3,77,717	2,58,000	1,35,000
BS-2 PARTICULARS		Actuals for the year 2022-2023(കണക്ക് 2022-2023)	Budget for the year (including all revisions) 2023-2024	Budget for the Year2024-2025 (ബജറ്റ്-2024-2025)

171 - Interest Earned - പലിശവരുമാനം

1711001	Interest from Bank Accounts - ബാങ്ക് അക്കൗണ്ടുകളിലെ പലിശവരവ്	26,905	18,000	16,000
1712001	Interest on Loans and advances to Employees - ജീവനക്കാർക്കുള്ള വായ്പ / മുൻകൂറുകളിൽനിന്നുള്ള പലിശ	10,290	12,000	15,000

171	Total Interest Earned - പലിശവരുമാനം ആകെ	37,195	30,000	31,000
BS-2 PARTICULARS		Actuals for the year 2022-2023(കണക്ക് 2022-2023)	Budget for the year (including all revisions) 2023-2024	Budget for the Year2024-2025 (ബജറ്റ്-2024-2025)
180 - Other Income - മറ്റു വരുമാനം				
1808099	Miscellaneous Receipts - പലവക വരവുകൾ	3,42,799	2,50,000	3,00,000
180	Total Other Income - മറ്റു വരുമാനം (ആകെ)	3,42,799	2,50,000	3,00,000
Total-Non tax revenue-ആകെ നികുതിയിതര വരവുകൾ		3,22,69,038	4,11,23,030	6,49,50,500

BS-3- GENERAL PURPOSE FUND- ജനറൽ പർപ്പസ് ഫണ്ട്)				
DETAILED HEAD CODE	PARTICULARS (ഇനവിവരം)	Actuals for the year 2022-2023(കണക്ക് 2022-2023)	Budget for the year (including all revisions) 2023-	Budget for the Year2024-2025 (ബജറ്റ്-2024-2025)
1601005	General purpose fund-ജനറൽ പർപ്പസ് ഫണ്ട്	1,73,93,302	1,84,08,000	1,93,28,400
160	Total-General purpose fund-ജനറൽ പർപ്പസ് ഫണ്ട്	1,73,93,302	1,84,08,000	1,93,28,400

BS-4 -REVENUE INCOME-PLAN GRANTS- (പദ്ധതി ചെലവുകൾക്കു വേണ്ടിയുള്ള ഗ്രാന്റ്/ഫണ്ട്/വിഹിതം - റവന്യു വരവുകൾ)				
DETAILED HEAD CODE	**PARTICULARS (ഇനവിവരം)**	**Actuals for the year 2022-2023(കണക്ക് 2022-2023)**	**Budget for the year (including all revisions) 2023-**	**Budget for the Year2024-2025 (ബജറ്റ്-2024-2025)**
1601001-	**Development Fund (General) -** വികസനഫണ്ട്(സാധാരണവിഹിതം)	**2,56,19,513**	**2,90,82,496**	**2,37,84,000**
1601001-	**Development Fund (SCSP) -** വികസനഫണ്ട് (പട്ടികജാതി ഉപപദ്ധതി)	**35,95,496**	**92,46,929**	**66,84,000**
1601001-	**Development Fund (TSP) -** വികസനഫണ്ട് (പട്ടികവർഗ്ഗ ഉപപദ്ധതി)	**4,15,998**	**8,85,642**	**6,71,000**
1601001-	**Development Fund (CFC) -** വികസനഫണ്ട് (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)	**2,01,21,803**	**3,40,18,281**	**2,15,97,000**
1601004	**Maintenance Fund (Road Assets) -** മെയിന്റനൻസ് ഫണ്ട് (റോഡ് ആസ്തികൾ)	**2,13,81,686**	**2,17,79,389**	**1,86,74,000**
1601004	**Maintenance Fund (Non Road Assets) -** മെയിന്റനൻസ് ഫണ്ട് (റോഡ് ഇതര ആസ്തികൾ)	**94,29,999**	**3,65,94,000**	**3,07,64,000**
1601011	**Special Grants -** പ്രത്യേക ഗ്രാന്റുകൾ	**9,589**	**15,000**	**25,000**
1601012	**Library Grant -** ഗ്രന്ഥശാല ഗ്രാന്റ്	**35,130**	**42,670**	**42,670**
1601014	**Flood Relief Grant -** വെള്ളപ്പൊക്കദുരിതാശ്വാസ ഗ്രാന്റ്	**3,72,770**	**4,93,960**	**5,00,000**
1601015	**Grant for Festivals -** മേളകൾ / ഉത്സവങ്ങൾക്കായുള്ള ഗ്രാന്റ്	**0**	**1,00,000**	**1,00,000**

1601099	Other Revenue Grants - മറ്റു റെവന്യൂ ഗ്രാന്റുകൾ (തൊഴിലുറപ്പുപദ്ധതി, നിലത്തെഴുത്താശാൻ ഗ്രാന്റ്, മെഡിക്കൽ മുതലായവ)	57,27,294	87,23,400	1,00,00,000
1602001	Re-imbursement of expenses - ചെലവുകൾക്കായുള്ള തിരികെക്കൊടുക്കലുകൾ	4,54,244	2,00,000	3,50,000
1603001	Contribution towards schemes - വിവിധ സ്ക്കീമുകൾക്കു വേണ്ടിയുള്ള വിഹിതങ്ങൾ	42,875	50,000	75,000
1603002	Beneficiary Contribution - ഗുണഭോക്തൃവിഹിതം	0	14,95,580	5,00,000
